പതിമൂന്നാം കേരള നിയമസഭ

ഒൻപതാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ -1377 **14. 06. 2013-** ലെ മറുപടി

## പ്രവാസി കേരളീയ സർവ്വേ

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. പാലോട് രവി<br>ശ്രീ. ഷാഫി പറമ്പിൽ<br>ശ്രീ. ഹൈബി ഈഡൻ<br>ശ്രീ. എം.എ. വാഹീദ് | ശ്രീ. കെ. സി. ജോസഫ്<br>*(ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികകാര്യവും നോർക്കയും വകുപ്പ് മന്ത്രി)* |
| (എ) സംസ്ഥാനത്ത് പ്രവാസി കേരളീയ സർവ്വേയ്ക്ക് തുടക്കം കുറിച്ചിട്ടുണ്ടോ; വിശദമാക്കുമോ;<br><br>(ബി) ഇതിന്റെ ലക്ഷ്യങ്ങൾ എന്തെല്ലാമാണ്; വിശദാംശങ്ങൾ എന്തെല്ലാം; | (എ & ബി) ഉണ്ട്. കേരളത്തിൽ നിന്നുള്ള പ്രവാസികളുടെ എണ്ണം കൃത്യമായി തിട്ടപ്പെടുത്തുന്നതിലേക്കും അതിൻപ്രകാരം പ്രവാസികൾക്ക് പദ്ധതികൾ ആസൂത്രണം ചെയ്യുന്നതിനുമായി എക്കണോമിക്സ് ആൻഡ് സ്റ്റാറ്റിസ്റ്റിക്സ് വകുപ്പുമായി ചേർന്ന് കേരളത്തിൽ നിന്നുമുള്ള പ്രവാസികളുടെ കാനേഷുമാരി മെയ് 1 മുതൽ സംസ്ഥാനത്ത് ആരംഭിച്ചിട്ടുണ്ട്. |
| (സി)എന്തെല്ലാം വിവരങ്ങളാണ് സർവ്വേ വഴി ശേഖരിക്കാനുദ്ദേശിക്കുന്നത്; വിശദമാക്കുമോ; | (സി) പ്രവാസിയുടെ ജില്ലയുടെ പേര്, ബ്ലോക്കിന്റെ പേര്, താലൂക്കിന്റെ പേര്, വിദേശത്ത് താമസിക്കുന്നവരുടെ എണ്ണം, അതിൽ ജോലിയുള്ളവരുടെ എണ്ണം, ജോലി, രാജ്യം, റേഷൻകാർഡിൽ/വോട്ടർ പട്ടികയിൽ പേര് ഉൾപ്പെടുത്തിയത് സംബന്ധിച്ച വിവരം, വിദേശത്ത് താമസിച്ച ആകെ കാലയളവ് തുടങ്ങിയ വിവരങ്ങളാണ് സർവേ വഴി ശേഖരിക്കാനുദ്ദേശിക്കുന്നത്. |
| (ഡി) സർവ്വേയുടെ വിവരങ്ങൾ എന്ന് വെളിപ്പെടുത്താനാകും വിശദാംശങ്ങൾ എന്തെല്ലാമെന്നും അറിയിക്കുമോ? | (ഡി) സർവ്വേ നടപടികൾ രണ്ടുമാസത്തിനകം പൂർത്തിയാക്കാനാണ് നിർദ്ദേശം നൽകിയിട്ടുള്ളത്. |

സെക്ഷൻ ഓഫീസർ